ഭരണഭാഷ-മാതൃഭാഷ

മൂന്നിയൂർ ഗ്രാമ പഞ്ചായത്ത്
പിൻ കോഡ്- 676317
GSTIN:32AAAGM0701M1ZQ ഫോൺ നമ്പർ : 0494-2478255
mpmmoonniyurgp@gmail.com

നമ്പർ: 7604910-2026 **തീയതി : 16-11-2026**

പുനർലേല നോട്ടീസ്

മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും, വിവിധ വാർഡ് പരിധിയിൽ നിൽക്കുന്നതുമായ, താഴെ പറയുന്ന പട്ടികയിൽ വിവരിച്ചിട്ടുള്ള മരങ്ങൾ / ശിഖരങ്ങൾ മുറിച്ചു മാറ്റുന്നതിനായി 24/11/2026 പകൽ 11.00 മണിക്ക് പഞ്ചായത്ത് കാര്യാലയത്തിൽ വെച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്.

ക്രമ നമ്പർ	മരത്തിന്റെ ഇനം / സ്ഥലം	മധ്യവണ്ണം	തടിയുടെ വ്യാപ്തം (cum)	തടിയുടെ വില (രൂപ)	വിറകിന്റെ അളവ് (മെ. ടൺ)	വിറകിന്റെ വില (രൂപ)	ആകെ തുക (രൂപ)
1	മാവ് (FHC മൂന്നിയൂർ), വാർഡ് 17	109	0.434	1432	0.201	295	1727
2	ചരൽ കൊന്ന (FHC മൂന്നിയൂർ), വാർഡ് 17	168	1.062	3505	1.09	1602	5107

3	വട്ട (FHC മൂന്നിയൂർ), വാർഡ് 17	75	0.115	1058	0.387	569	1627
4	മാവ് ശിഖരങ്ങൾ (FHC മൂന്നിയൂർ), വാർഡ് 17	158	—	—	0.451	663	663
5	മാവ് (പടിക്കൽ സബ് സെന്റർ), വാർഡ് 23	206	1.820	9318	1.068	1570	10888
6	മാവ് (പടിക്കൽ സബ് സെന്റർ), വാർഡ് 23	210	1.820	9318	1.068	1570	10888
7	പ്ലാവ് (പടിക്കൽ സബ് സെന്റർ), വാർഡ് 23	122	0.552	6420	0.222	326	6746
8	പുളി (പടിക്കൽ സബ് സെന്റർ	150	0.932	3076	0.374	550	3626

	), വാർഡ് 23						
9	പ്ലാവ് (ചെർണ്ണൂർ സബ് സെന്റർ), വാർഡ് 1	109	0.434	5047		295	5342
	ആകെ			**39174**		**7440**	**46614**

ലേല നിബന്ധനകൾ:

1. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നിരതദ്രവ്യമായി (EMD) Rs. 500/- അഞ്ഞൂറ് രൂപ ലേലം ആരംഭിക്കുന്നതിന് മുൻപായി പഞ്ചായത്ത് ഓഫീസിൽ കെട്ടിവെക്കേണ്ടതും അതിനുള്ള രസീത് കൈപ്പറ്റേണ്ടതുമാണ്. ലേലത്തിൽ പങ്കെടുക്കുന്ന എല്ലാവരും ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ ഹാജരാക്കേണ്ടതാണ്.

2. ലേലം സ്ഥിരപ്പെടുത്തുന്നത് വരെയോ അല്ലെങ്കിൽ നിരസിക്കുന്നത് വരെയോ നിരതദ്രവ്യം പഞ്ചായത്തിൽ സൂക്ഷിക്കുന്നതായിരിക്കും. ലേലം കൊള്ളാത്തവരുടെ തുക ലേലത്തിന് ശേഷം തിരികെ നൽകുന്നതാണ്.

3. ഏറ്റവും ഉയർന്ന തുകയ്ക്ക് ലേലം വിളിക്കുന്ന ആളുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതായിരിക്കും. എന്നാൽ ലേലം സ്ഥിരപ്പെടുത്തുന്നതിനുള്ള പൂർണ്ണ അധികാരം പഞ്ചായത്ത് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും. കാരണം ബോധിപ്പിക്കാതെ ലേലം റദ്ദാക്കാനുള്ള അധികാരം പഞ്ചായത്ത് സെക്രട്ടറിക്കോ പ്രസിഡന്റിനോ ഉണ്ടായിരിക്കുന്നതാണ്.

4. ലേലം ഉറപ്പിച്ചു കിട്ടുന്നയാൾ ലേലത്തുകയുടെ 50% + ജി. എസ്. ടി ലേലദിവസം തന്നെ ഓഫീസിൽ ഒടുക്കേണ്ടതാണ്. ബാക്കി തുകയും നിയമാനുസൃതമായ നികുതികളും (GST, Income Tax മുതലായവ) ലേലം സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം ഒടുക്കി തീർക്കേണ്ടതാണ്.

5. തുക പൂർണ്ണമായും അടച്ചതിനു ശേഷം സ്വന്തം ചിലവിലും ഉത്തരവാദിത്തത്തിലും നിശ്ചിത സമയത്തിനകം മരങ്ങൾ മുറിച്ചു മാറ്റേണ്ടതാണ്. മരങ്ങൾ മുറിക്കുമ്പോൾ സമീപത്തുള്ള പൊതുമുതലുകൾക്കോ ആളുകൾക്കോ യാതൊരുവിധ നാശനഷ്ടങ്ങളും ഉണ്ടാകാൻ പാടില്ലാത്തതാകുന്നു. എന്തെങ്കിലും നാശനഷ്ടമുണ്ടായാൽ അതിന് ലേലം കൊണ്ടയാൾ പൂർണ്ണ ഉത്തരവാദിയായിരിക്കും.

6. നിശ്ചിത സമയത്തിനകം തുക ഒടുക്കാതിരിക്കുകയോ മരം മുറിച്ചു മാറ്റാതിരിക്കുകയോ ചെയ്താൽ മുൻപ് കെട്ടിവെച്ച തുക കണ്ടുകെട്ടുന്നതും, പ്രസ്തുത മരങ്ങൾ വീണ്ടും ലേലം ചെയ്യുന്നതുമായിരിക്കും. ഇതിലൂടെ പഞ്ചായത്തിന് എന്തെങ്കിലും നഷ്ടമുണ്ടായാൽ അത് മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതാണ്.

7. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ പഞ്ചായത്ത് ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

പകർപ്പ് (നോട്ടീസ് ബോർഡിൽ പതിക്കുന്നതിന്)

1. വില്ലേജ് ഓഫീസ് മൂന്നിയൂർ

2. മൂന്നിയൂർ കുടുംബാരോഗ്യ കേന്ദ്രം കളിയാട്ടമുക്ക്

3. കൃഷി ഭവൻ മൂന്നിയൂർ

4. അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം, മൂന്നിയൂർ ഗ്രാമപഞ്ചായത്ത്

5. പഞ്ചായത്ത് വെബ് സൈറ്റ്

Document certified by KRISHNA KUMAR B
<LALUKRISHNA72@GMAIL.COM>

Digitally signed by KRISHNA KUMAR B
Date: 2026.11.16 12:14:36 IST
Reason: KSMART